"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ്-2026-27 സാമ്പത്തിക വർഷം- പോഷകബാല്യം പദ്ധതി- അങ്കണവാടികളിൽ പാൽ, മുട്ട വിതരണം- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനിത ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.198/2026/WCDD തീയതി,തിരുവനന്തപുരം, 04-06-2026

---

പരാമർശം:-

1. വനിത ശിശു വികസന ഡയറക്ടറുടെ 21/02/2026 തീയതിയിലെ DWCD/7520/2025-ICDSB1 നമ്പർ കത്ത്
2. 13/03/2026◌ാ◌ം തീയതിയിൽ നടന്ന ഒന്നാം സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗനടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും, കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും, സുസ്ഥിര വികസന ലക്ഷ്യമായ "സീറോ ഹംഗർ" കൈവരിക്കുന്നതിനുമായി അങ്കണവാടി കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും, 2 ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന സംസ്ഥാന പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചിരുന്നു. 2025-26 സാമ്പത്തിക വർഷം മുതൽ ആഴ്ചയിൽ 3 ദിവസം മുട്ടയും, 3 ദിവസം പാലും എന്ന രീതിയിൽ പദ്ധതി വിപുലപ്പെടുത്തിയിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷത്തിലും പദ്ധതി തുടരുന്നതിനായി സംസ്ഥാനസർക്കാർ 2235-02-102-22-00-34-03(PV) ശീർഷകത്തിൽ സൂചന പ്രകാരം 8090.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(2) മുട്ട ഒരു സമ്പൂർണ്ണ പോഷകാഹാരമാണ്. മുട്ടയിൽ ധാരാളം മാംസ്യം, ഇരുമ്പ് എന്നിവ അടങ്ങിയിരിക്കുന്നു. മുട്ടയിൽ അടങ്ങിയിട്ടുള്ള Choline, Antioxidants, Omega3 Fatty Acid എന്നിവ കുട്ടികളുടെ മസ്തിഷ്ക വളർച്ചയ്ക്കും ബുദ്ധി വികാസത്തിനും സഹായിക്കുന്നു. മുട്ടയിൽ ധാരാളം വിറ്റാമിനുകൾ (Vit A, Vit B12, Vit E, Vit B5) അടങ്ങിയിരിക്കുന്നതിനാൽ കുട്ടികളുടെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു. കുട്ടികളുടെ സമഗ്ര വികസനത്തിനും പ്രായത്തിനനുസൃതമായ ശരീരഭാരം നിലനിർത്തുന്നതിനും അങ്കണവാടികളിൽ എത്തുന്ന കുട്ടികൾക്ക് ആഴചയിൽ 3 ദിവസം മുട്ട നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(3) കേരളത്തിലെ പൊതു വിപണിയിൽ മുട്ടയുടെ മാർച്ച് ആദ്യവാര വില 6/- രൂപയാണ്. കെപ്കൊയിൽ 45 ഗ്രാമുള്ള കോഴി മുട്ടയുടെ വില ഒന്നിന് 6/- ആണെന്നും വിതരണത്തിനു ട്രാൻസ്പോർട്ടേഷൻ ചാർജ് അധികമായി മുട്ട വിലയിൽ പ്രതിഫലിക്കുമെന്നും അറിയിച്ചിട്ടുള്ളതാണ്. സംഭരണം, വരവ് ഉത്പാദനം, ആവശ്യകത എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലുടനീളം വിവിധ ജില്ലകളിൽ മുട്ടയുടെ വില (ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ) 6 മുതൽ 8 രൂപ വരെ വ്യത്യാസപ്പെടുന്നു. ആയതിനാൽ അങ്കണവാടിയിലേക്ക് വാങ്ങുന്ന മുട്ടയുടെ

വില ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ 10.00 രൂപയായി നിശ്ചയിക്കാവുന്നതാണ്. തദ്ദേശീയ മാർക്കറ്റ് വിലയിൽ അധികരിക്കാൻ പാടില്ല എന്ന് കൂടി വ്യവസ്ഥ ചെയ്യാവുന്നതാണ്. കഴിഞ്ഞ വർഷങ്ങളിലെ പദ്ധതിയുടെ എക്സ്പെൻറ്റിച്ചർ ബഡ്ജറ്റ് വിഹിതത്തിനേക്കാൾ കുറവ് ആയതിനാൽ 2026-27 വർഷത്തെ മുട്ട വിതരണത്തിനു ആവശ്യമായ തുകയുടെ പ്രൊപ്പോസൽ SNP/QPR പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തിയാണ് തയ്യാറാക്കുന്നത്.

(4) 2026-27 സാമ്പത്തിക വർഷം അങ്കണവാടിയിൽ എത്തുന്ന 3 വയസ് മുതൽ 6 വയസ് വരെയുള്ള കുട്ടികൾക്ക് ആഴ്ചയിൽ 3 ദിവസം വീതം വർഷത്തിൽ 52 ആഴ്ച (12 മാസം)കളിൽ SNP/QPR പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് മുട്ട വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒരു കുട്ടിക്ക് ഒരു ദിവസം നൽകുന്ന മുട്ടയുടെ എണ്ണം | 1 |
| ഒരു കുട്ടിക്ക് ഒരു ആഴ്ചയിൽ നൽകുന്ന മുട്ടയുടെ എണ്ണം | 3 |
| ഒരു കുട്ടിക്ക് 52 ആഴ്ച വേണ്ട മുട്ടയുടെ എണ്ണം | 156 (52*3) |
| മുട്ടയുടെ ശരാശരി കമ്പോള വില (ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ) | 10/- |
| ഒരു കുട്ടിക്ക് 52 ആഴ്ച മുട്ട നൽകുന്നതിന് ആവശ്യമായ തുക | 1560/- (156 x 10) |
| അങ്കണവാടിയിലെ ശരാശരി ഗുണഭോക്താക്കളുടെ എണ്ണം | 260000 |
| 3 വയസു മുതൽ 6 വയസുവരെയുള്ള കുട്ടികൾക്ക് 52 ആഴ്ച മുട്ട നൽകുന്നതിന് ആവശ്യമായ പരമാവധി തുക | 40,56,00,000/- (260000 x 1560) |
| മുട്ടയുടെ കമ്പോള വിലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ കടത്ത് കൂലി ഉൾപ്പെടെ മറ്റ് ആകസ്മിക ചെലവുകൾക്കായി ആവശ്യമായ തുക | 2,00,00,000/- |
| 2026-27 സാമ്പത്തിക വർഷത്തിൽ മുട്ട വിതരണത്തിന് ആകെ ആവശ്യമായ തുക | 42,56,00,000/- രൂപ |

(5) കുട്ടികളുടെ ആരോഗ്യത്തിനു അത്യാവശ്യമായ ഒരു സമ്പുഷ്ട ആഹാരമാണ് പാൽ. കാൽസ്യത്തിന്റെ ഉറവിടമായതിനാൽ എല്ലുകളുടെയും പല്ലുകളുടെയും വളർച്ചയിൽ പാൽ ഒരു മുഖ്യ പങ്ക് വഹിക്കുന്നു. പാലിൽ അടങ്ങിയിട്ടുള്ള പ്രോട്ടീൻ ഊർജ്ജ സ്രോതസ്സാണ്. ഇവ കൂടാതെ പാലിൽ പൊട്ടാസ്യം , ഫോസ്ഫറസ്, Vit D, Vit B12, Vit A, Vit B2, നിയാസിൻ എന്നിവ അടങ്ങിയിരിക്കുന്നു. കുട്ടികളിലെ കാഴ്ചക്കുറവ് പരിഹരിക്കുന്നതിനും ചർമ്മാരോഗ്യം നിലനിർത്തുന്നതിനും പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും പാൽ സഹായിക്കുന്നു. ഈ സാഹചര്യത്തിൽ അങ്കണവാടികളിൽ എത്തുന്ന 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 3 ദിവസം പാൽ നൽകുന്നത് അഭികാമ്യമാണ്.

(6) അങ്കണവാടികളിൽ 'മിൽമ' പാൽ/ പ്രാദേശിക ക്ഷീര സൊസൈറ്റികൾ/ മറ്റ് പ്രാദേശിക പാൽ വിതരണ സംവിധാനങ്ങൾ/ യു.എച്ച്.ടി പാൽ/ കുടുബശ്രീ സംരഭകർ എന്നിങ്ങനെ വിതരണം ചെയ്യുന്നതാണ്. ഒരു ലിറ്റർ പാലിന് 60/- രൂപ കണക്കാക്കി, ഒരു കുട്ടിക്ക് ഒരു ദിവസം 125 ml പാൽ, ആഴ്ചയിൽ 3 ദിവസം വീതം 52 ആഴ്ച (12 മാസം) നൽകുന്നതിന് 2026-27 സാമ്പത്തിക വർഷം ആവശ്യമായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒരു കുട്ടിക്ക് ഒരു ദിവസം നൽകുന്ന പാലിന്റെ അളവ് | 125 ml |
| ഒരു കുട്ടിക്ക് ഒരു ആഴ്ചയിൽ നൽകുന്ന പാലിന്റെ അളവ് | 375 ml (125 x 3) |
| ഒരു കുട്ടിക്ക് 52 ആഴ്ച വേണ്ട പാലിന്റെ അളവ് | 19,500 ml/19.5 L (375 ml x 52) |
| ഒരു ലിറ്റർ പാലിന് ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ നിശ്ചയിക്കുന്ന തുക | 60 |
| അങ്കണവാടിയിലെ ശരാശരി ഗുണഭോക്താക്കളുടെ എണ്ണം | 260000 |
| 3 വയസു മുതൽ 6 വയസുവരെയുള്ള കുട്ടികൾക്ക് 52 ആഴ്ച പാൽ നൽകുന്നതിന് ആവശ്യമായ തുക | 260000 x 19.5 ltrs x 60 = 304200000/- |
| കുട്ടികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, പാലിന്റെ LHT പാലിന്റെ കമ്പോള വിലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉൾപ്പെടെ മറ്റ് ആകസ്മിക ചെലവുകൾക്കായി ആവശ്യമായ തുക | 2,00,00,000/- |
| 2026-27 സാമ്പത്തിക വർഷത്തിൽ പാൽ വിതരണത്തിന് ആകെ ആവശ്യമായ തുക | 32,42,00,000/- |

(7) കുട്ടികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ പരിഗണിച്ചും മുട്ടയുടെയും പാലിന്റെയും കമ്പോള വിലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ പരിഗണിച്ചും, കടത്ത് കൂലി ഉൾപ്പെടെ മറ്റ് ആകസ്മിക ചെലവുകളും പരിഗണിച്ച് 2026-27 സാമ്പത്തിക വർഷത്തിൽ 2235-02-102-22-00-34-03(PV) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 8090.00 ലക്ഷം രൂപയിൽ ₹42,56,00,000/- (നാല്പത്തിരണ്ട് കോടി അൻപത്തിയാറ് ലക്ഷം രൂപ മാത്രം) രൂപ അങ്കണവാടികളിൽ മുട്ട വിതരണത്തിനായി ആവശ്യമായി വരുന്നതാണെന്നും, വകുപ്പ് മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിക്ക് ആവശ്യമായ മുട്ട കെപ്കോ/കുടുംബശ്രീ സംരംഭകർ/ മറ്റ് പ്രാദേശിക മുട്ട വിതരണ സംവിധാനങ്ങൾ എന്നിവരിൽ നിന്നോ ബന്ധപ്പെട്ട സൂപ്പർവൈസർമാർ സെക്ടർ/സബ് സെക്ടർ തലത്തിൽ സ്റ്റോർ പർചേഴ്സ് മാന്വൽ അനുസരിച്ച് ക്വട്ടേഷൻ /ടെണ്ടർ ക്ഷണിച്ച് വാങ്ങാവുന്നതും, ആയതു സാധ്യമാകാത്ത സ്ഥലങ്ങളിൽ ഫീഡിംഗ് തടസ്സം ഉണ്ടാകാതിരിക്കാൻ വൗച്ചർ സംവിധാനം വഴിയും പദ്ധതി നടപ്പിലാക്കാവുന്നതാണെന്നും, ഇതിലേക്ക് ആവശ്യമായി വരുന്ന തുക വനിത ശിശു വികസന ഡയറക്ടറേറ്റിൽ നിന്നും ജില്ലാ വനിത ശിശു വികസന ഓഫീസർ, ശിശു വികസന പദ്ധതി ഓഫിസർ എന്നിവർ മുഖേന ബന്ധപ്പെട്ട ഏജൻസികൾക്ക് തുക കൈമാറുന്നതുമാണ് എന്നും വനിത ശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(8) 2026-27 സാമ്പത്തിക വർഷത്തിൽ 2235-02-102-22-00-34-03(PV) ശീർഷകത്തിൽ 32,42,00,000- രൂപ (മുപ്പത്തി രണ്ടു കോടി നാല്പത്തി രണ്ടു ലക്ഷം രൂപ മാത്രം) അങ്കണവാടികളിൽ ആകെ പാൽ വിതരണത്തിനായി ആവശ്യമായി വരുന്നതാണെന്നും, വകുപ്പ് മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിക്ക് ആവശ്യമായ പാൽ മിൽമ / മറ്റ് പ്രാദേശിക ക്ഷീര സൊസൈറ്റികൾ /UHT പാൽ / കുടുംബശ്രീ സംരംഭകർ/ മറ്റ് പ്രാദേശിക പാൽ വിതരണ സംവിധാനങ്ങൾ എന്നിവരിൽ നിന്നും ബന്ധപ്പെട്ട സൂപ്പർവൈസർമാർ സെക്ടർ/സബ് സെക്ടർ തലത്തിൽ സ്റ്റോർ പർചേഴ്സ് മാന്വൽ അനുസരിച്ച് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ച് വാങ്ങാവുന്നതും, ആയതു സാധ്യമാകാത്ത സ്ഥലങ്ങളിൽ ഫീഡിംഗ് തടസ്സം ഉണ്ടാകാതിരിക്കാൻ വൗച്ചർ സംവിധാനം വഴിയും പദ്ധതി നടപ്പിലാക്കാവുന്നതാണെന്നും, ഇതിലേക്ക് ആവശ്യമായി വരുന്ന തുക വനിത

ശിശു വികസന ഡയറക്ടറേറ്റിൽ നിന്നും ജില്ലാ വനിത ശിശു വികസന ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ എന്നിവർ മുഖേന ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുന്നതുമാണ് എന്നും വനിത ശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(9) പ്രസ്തുത സാഹചര്യത്തിൽ, 2026-27 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളിൽ മുട്ട വിതരണം ചെയ്യുന്ന പദ്ധതി നടത്തിപ്പിലേയ്ക്ക് ആവശ്യമായി വരുന്ന 42,56,00,000/- (നാല്പത്തിരണ്ടു കോടി അൻപത്തി ആറു ലക്ഷം രൂപ മാത്രം) രൂപയും, പാൽ വിതരണം ചെയ്യുന്ന പദ്ധതി നടത്തിപ്പിലേയ്ക്ക് ആവശ്യമായി വരുന്ന 32,42,00,000 (മുപ്പത്തി രണ്ടു കോടി നാല്പത്തി രണ്ടു ലക്ഷം രൂപ മാത്രം) രൂപയും നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-22-00-34-03(PV) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം(1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

( 1 0 ) 13/03/2026ാം തീയതിയിൽ നടന്ന ഒന്നാം സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അങ്കണവാടികളിൽ പാലും മുട്ടയും വിതരണം ചെയ്യുന്ന പദ്ധതി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

(11) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-27 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളിൽ മുട്ടയും പാലും വിതരണം ചെയ്യുന്നതിനായുള്ള പോഷകബാല്യം പദ്ധതിക്ക് ചുവടെ പറയുന്ന വ്യവസ്ഥകളോടെ ഭരണാനുമതി നൽകിയും, പ്രസ്തുത പദ്ധതി നടത്തിപ്പിലേക്ക് ആവശ്യമായി വരുന്ന **₹74,98,00,000/-** (എഴുപത്തി നാല് കോടി തൊണ്ണൂറ്റിയെട്ട് ലക്ഷം രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-22-00-34-03(PV) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>The following general conditions should be followed, wherever applicable</u>

1. The expenditure would be met from the provision available under the appropriate head of account.
2. The fund release will be based on actual requirement and the fund released should not be parked in banks.
3. Store Purchase Rules shall be strictly adhered to, if applicable.
4 . Tender/e-tender and other stipulated formalities shall be followed wherever necessary.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് No.WCD-1/45/2026-FIN(E:3439762) dtd 13/03/2026
ധനകാര്യ(പ്ലാനിംഗ്-ബി) വകുപ്പ്

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
Date: 05-06-2026 12:03:16

സെക്ഷൻ ഓഫീസർ